3-11-21 Deepika (Thrissur)



പൊങ്ങം നൈപുണ്യ കോളജിൽ നടന്ന തൃശൂർ ജില്ലാ നെറ്റ്ബോൾ ചാമ്പ്യൻഷിപ്പിൽ പുരുഷ വിഭാഗത്തിൽ ജേതാക്കളായ നൈപുണ്യ കോളജ് ടീം.

# തൃശൂർ ജില്ലാ നെറ്റ്ബോൾ ചാമ്പ്യൻഷിപ്പ്: നൈപുണ്യ, സഹൃദയ ജേതാക്കൾ

കൊരട്ടി: പൊങ്ങം നൈപുണ്യ കോളജിൽ നടന്ന തൃശൂർ ജില്ലാ നെറ്റ്ബോൾ ചാമ്പ്യൻഷിപ്പിൽ പുരുഷ വിഭാഗത്തിൽ നൈപുണ്യ കോളജ് ജേതാക്കളായി. രണ്ടാംസ്ഥാനം ക്രൈസ്റ്റ് കോളജ് ഇരിങ്ങാലക്കുട കരസ്ഥമാക്കി. വനിതാ വിഭാഗത്തിൽ സഹൃദയ കോളജ് കൊടകര ഒന്നാംസ്ഥാനവും ഡോൺ ബോസ്കോ മണ്ണുത്തി രണ്ടാം സ്ഥാനവും നേടി.

**പുരുഷ വിഭാഗത്തിൽ ക്രൈസ്റ്റ് കോളജ് ഇരിങ്ങാലക്കുടയും വനിതാ വിഭാഗത്തിൽ ഡോൺ ബോസ്കോ മണ്ണുത്തിയും രണ്ടാമത്.**

നൈപുണ്യ കോളജ് പ്രിൻസിപ്പാളും എക്സിക്യൂട്ടീവ് ഡയറക്ടറുമായ റവ. ഡോ. കെ.ജെ. പോളച്ചൻ സമ്മാനദാനം നിർവഹിച്ചു.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. റെൻസൺ ജോസഫ്, കാമ്പസ് മിനിസ്റ്റർ ഫാ. ജോസ് കാരാച്ചിറ, തൃശൂർ ജില്ലാ നെറ്റ്ബോൾ അസോസിയേഷൻ സെക്രട്ടറി എൽ.ആർ. വിനു, ജില്ലാ സ്പോർട്സ് കൗൺസിൽ ഒബ്സർവർ ബേബി, കായിക വിഭാഗം മേധാവി പി.എ. ശ്രീജിത്ത്, സംസ്ഥാന നെറ്റ്ബോൾ ടീം സെലക്ടർ പി.പി. ജോസ്മോൻ, നൈപുണ്യ കോളജ് പരിശീലകരായ ഡിസിൽ ഡേവിസ്, നിഖിൽ അശോക്, ജിതിൻ മാത്യു, അലൻ മാത്യു ടോം, ജിബിൻ ജോസ് എന്നിവർ സന്നിഹിതരായി.